വിവിധ വ്യവസായ സ്ഥാപനങ്ങളിൽ പ്രവർത്തി പരിചയം ആവശ്യപ്പെട്ടു കൊണ്ട് അറിയിക്കപ്പെടുന്ന സ്കിൽഡ് വർക്കർ, മൈനിംഗ് മേറ്റ്, ഡ്രില്ലർ, ഷിപ്പ് മോഡലിംഗ് മെക്കാനിക്ക് തുടങ്ങിയ ട്രേഡുകളിൽ നിർദ്ദിഷ്ട യോഗ്യതയും തൊഴിൽ പരിചയമുള്ളവരുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

(ബി) നിലവിലുള്ള നിയമപ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

73 (5478) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിച്ച് സ്ഥിരപ്പെടുത്തിയവരുടെ വകുപ്പ് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) താൽക്കാലിക നിയമനം വഴി ആറുമാസം വരെയുള്ള കാലയളവിൽ എത്രപേർക്ക് ജോലി ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എംപ്ലോയ്മെന്റ് വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ഡി) മിശ്രവിവാഹിതരായ എത്ര ഉദ്യോഗാർത്ഥികൾക്കാണ് ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഇതുവരെ ജോലി ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.†

(ബി) 1851 പേർ.

(സി) വയനാട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ 90010 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 6596 പേർ പട്ടിക ജാതിക്കാരും 10635 പേർ പട്ടികവർഗ്ഗക്കാരുമാണ്. ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സംബന്ധമായ എല്ലാവിധ മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനായി തൊഴിൽ മാർഗ്ഗനിർദ്ദേശക യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പത്ര മാധ്യമങ്ങളിലൂടെയും പ്രാദേശിക ചാനലുകളിലൂടെയും സന്നദ്ധ സംഘടനകളിലൂടെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനത്തെക്കുറിച്ചും പദ്ധതികളെക്കുറിച്ചും വിശദീകരണം നൽകുകയും ചെയ്യുന്നുണ്ട്. എല്ലാ സർക്കാർ ഓഫീസുകളിൽ നിന്നും 25-നു മേലേ ജീവനക്കാരുള്ള സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും എല്ലാ ത്രൈമാസവും ജീവനക്കാരുടെ കണക്കുകൾ ശേഖരിക്കുക, രണ്ടു വർഷത്തിലൊരിക്കൽ വിദ്യാഭ്യാസ യോഗ്യത തിരിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക, സ്വകാര്യ സ്ഥാപനങ്ങളിലെയും സർക്കാർ സ്ഥാപനങ്ങളിലെയും നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധന നടത്തുക എന്നീ കാര്യങ്ങൾക്കായി ഇ.എം.ഐ. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്വയംതൊഴിൽ പദ്ധതികളായ കെസ്റു, മൾട്ടിപർപ്പസ് ജോബ് ക്ലബ്ബ് എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന തൊഴിൽരഹിത വേതന വിതരണം നടത്തി വരുന്നു.

(ഡി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.†

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെയുള്ള നിയമനം

74 (5479) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ സർക്കാർ, അർദ്ധസർക്കാർ, സർക്കാർ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഏതെങ്കിലും തസ്തികകളിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തൊഴിലില്ലായ്മ വേതന പദ്ധതി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കുന്നതിന് നടപടി

75 (T5480) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതി നിയമം വന്ന സാഹചര്യത്തിൽ തൊഴില്ലായ്മ വേതനം നൽകുന്നത് ശരിയാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) തൊഴിലില്ലായ്മ വേതന പദ്ധതി തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിക്കുമോ ?

ഉത്തരം

(എ) ഈ വിഷയം പരിഗണിച്ച് തൊഴിൽരഹിത വേതന പദ്ധതിയിൽ ഉചിതമായ മാറ്റം 15-12-2009-ലെ ജി.ഒ.(പി) 169/09/തൊഴിൽ പ്രകാരം വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് തൊഴിലുറപ്പ് പദ്ധതി (NREG Act) പ്രകാരമുള്ള തൊഴിൽ ലഭിച്ച് വ്യക്തിഗത വാർഷിക കുടുംബവരുമാനം 12,000 രൂപയിലും പ്രതിമാസ വ്യക്തിഗത വരുമാനം 100 രൂപയിലും കവിഞ്ഞാൽ തൊഴിൽ രഹിത വേതനത്തിലുള്ള അർഹത നഷ്ടപ്പെടുന്നതാണ്.

(ബി) ഇത്തരമൊരു ശുപാർശ തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല.

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly